# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2970 — 19.06.2014-ലെ മറുപടിക്ക്

## പൊതുമരാമത്ത് വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.ടി.എം.തോമസ് ഐസക് | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
| (എ). | 27.10.2012 ലെ ജി.ഒ.(ആർ.ടി) നം.1814/2012/പി.ഡബ്ല്യു.ഡി. ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് ജീവനക്കാരെ പുനർവിന്യസിക്കുന്നതിനെതിരെ സർക്കാരിന് സമർപ്പിക്കപ്പെട്ടിരുന്ന നിവേദനങ്ങൾ പരിശോധിച്ച് തീർപ്പുകൽപ്പിക്കുകയുണ്ടായോ; ഇല്ലെങ്കിൽ ഇതിന് കാലതാമസം നേരിടുന്നതെന്തുകൊണ്ട്; | (എ). | പൊതുമരാമത്ത് വകുപ്പിൽ നിന്ന് തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കുള്ള ജീവനക്കാരുടെ പുനർവിന്യാസവുമായി ബന്ധപ്പെട്ട് 27.10.12-ലെ സ.ഉ.(സാധാ) നം.1814/2012/പൊ.മ.വ. പ്രകാരം മിനിസ്റ്റീരിയൽ ജീവനക്കാരെ തദ്ദേശ-സ്വയംഭരണ വകുപ്പിലേയ്ക്ക് വിട്ടുതൽ ചെയ്ത് പുറപ്പെടുവിച്ച ഉത്തരവിനെതിരെ ജീവനക്കാർ സർക്കാരിന് സമർപ്പിച്ചിരിക്കുന്ന നിവേദനങ്ങൾ, പൊതുമരാത്ത് ഭരണവിഭാഗം ചീഫ് എഞ്ചിനീയറിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ച് വരികയാണ്. തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് ഓപ്ഷൻ നൽകാത്ത മിനിസ്റ്റീരിയൽ ജീവനക്കാരെ പൊതുമരാമത്ത് വകുപ്പിൽ നിലനിർത്താനുള്ള അനുവദനീയമായ തസ്തികകൾ വകുപ്പിൽ ഉള്ളതിനാൽ ടി ജീവനക്കാരെ വകുപ്പിൽ നിലനിർത്തണമെന്ന ജീവനക്കാരുടെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ഭരണവിഭാഗം ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തിരിക്കുകയാണ്. ഈ നിർദ്ദേശത്തിന്മേലുള്ള ധനകാര്യ വകുപ്പിന്റേയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. അഭിപ്രായങ്ങൾ ലഭിച്ച ശേഷം ഇതിന്മേലുള്ള ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതായിരിക്കും. |

| | | | |
|---|---|---|---|
| (ബി). | പുനർവിന്യാസത്തിന് തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോ; എങ്കിൽ എന്തൊക്കെയാണ് തടസ്സങ്ങൾ എന്നറിയിക്കാമോ; | (ബി). | പുനർവിന്യാസത്തിനെതിരെ ജീവനക്കാർ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിരുന്ന കേസുകളിലെ ഉത്തരവിൽ, KS&SSRs-ലെ ചട്ടം 7 പ്രകാരം Retrenchment from Service-ന് അപേക്ഷ നൽകുന്നവരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കാതെ Retrenchment-ന വേണ്ടിയുള്ള അവരുടെ അപേക്ഷ പരിശോധിച്ച് തീർപ്പാക്കാനും ബഹു. ട്രൈബ്യൂണൽ ഉത്തരവായിരുന്നു. കൂടാതെ ഓരോ തസ്തികയിലേയും സീനിയോറിറ്റി സംബന്ധിച്ച ആക്ഷേപമുള്ളവരുടെ അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കുകയും അവരുടെ സീനിയോറിറ്റി വീണ്ടെടുക്കുന്ന പക്ഷം അവരെ വകുപ്പിൽ നിലനിർത്തണമെന്ന് ബഹു. ട്രൈബ്യൂണൽ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. അതിനാൽ Retrenchment-ന് അപേക്ഷ നൽകിയവരെ പുനർവിന്യസിക്കാൻ കഴിയില്ല. കൂടാതെ ചില സർവ്വീസ് സംഘടനകളും ജീവനക്കാരും പുനർവിന്യാസത്തിനെതിരെ സർക്കാരിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷകളും പരിശോധിച്ചു വരികയാണ്. ഇതിനു പുറമെ ചില ജീവനക്കാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള വ്യവഹാരങ്ങളിൽ, ബഹു. ഹൈക്കോടതി, ഹർജിക്കാരെ പുനർവിന്യസിക്കുന്നതിനെതിരെ ഇടക്കാല സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയുമാണ്. |
| (സി). | പുനർവിന്യാസത്തിന് ഉത്തരവായ ജീവനക്കാരെ സമയബന്ധിതമായി വിടുതൽ ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി). | പുനർവിന്യാസത്തിന് ഉത്തരവായ ജീവനക്കാരെ വിടുതൽ ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിൽ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് ഓപ്ഷൻ നൽകിയ ജീവനക്കാരെ ഇതിനകം വിടുതൽ ചെയ്തിട്ടുണ്ട്. വ്യവഹാരങ്ങളും സ്റ്റേ ഉത്തരവുകളും നിലവിലുള്ളതിനാൽ ഓപ്ഷൻ നൽകാത്ത ജീവനക്കാരെ വിടുതൽ ചെയ്യാൻ സാധിച്ചിട്ടില്ല. പുനർവിന്യാസത്തിനെതിരെ ഇവർ സമർപ്പിച്ചിരിക്കുന്ന അപേക്ഷകൾ, |

| | |
|---|---|
| | പൊതുമരാമത്ത്(ഭരണ വിഭാഗം) ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി). പുനർവിന്യാസം സംബന്ധിച്ച് കേസ്സുകളൊന്നും നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേസ്സുകൾ തീർപ്പായ സാഹചര്യത്തിൽ പുനർവിന്യാസം നടക്കാത്തതിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ? | (ഡി). പുനർവിന്യാസം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിലും ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും കേസുകൾ നിലവിലുണ്ട്. കൂടാതെ ചില കേസ്സുകളിൽ ഹർജിക്കാരെ പുനർവിന്യസിക്കുന്നതിനെതിരെ ബഹു. ഹൈക്കോടതി സ്റ്റേ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ